# ടാൻഫെഡിനെ തമിഴ്നാട്ടിൽ കൊപ്ര സംഭരണ ഏജൻസിയായി നിയോഗിച്ചു

**കൊച്ചി:** തമിഴ്നാട്ടിൽ 2012 സീസണിലെ താങ്ങുവിലയ്ക്ക് കൊപ്ര സംഭരിക്കുന്നതിന് തമിഴ്നാട് കോ-ഓപ്പറേറ്റീവ് മാർക്കറ്റിങ് ഫെഡറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങി.

ആട്ടുകൊപ്രയ്ക്ക് ക്വിൻറലിന് 5100 രൂപയും (കിലോയ്ക്ക് 51 രൂപ), ഉണ്ട കൊപ്രയ്ക്ക് ക്വിൻറലിന് 5350 രൂപയും (കിലോയ്ക്ക് 53.50 രൂപ) ആണ് താങ്ങുവില. ഈ ഉത്തരവിലൂടെ തമിഴ്നാട്ടിലെ കർഷകർക്ക് താങ്ങുവിലയുടെ ആനുകൂല്യം ലഭിക്കുമെന്ന് ഉറപ്പാക്കാം.

കഴിഞ്ഞ സീസണെ അപേക്ഷിച്ച് 12 ശതമാനം അധികമാണ് താങ്ങുവില. സംഭരണം ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സംഭരണ ഏജൻസിയായ നാഫെഡും ടാൻഫെഡും തമ്മിൽ കരാറിലേർപ്പെടും. സംഭരണ ദിവസം തന്നെ കർഷകർക്ക് ഉത്പന്ന വില നൽകേണ്ടത് സംസ്ഥാനതല ഏജൻസികളുടെ ഉത്തരവാദിത്വമാണ്. തമിഴ്നാട്ടിലും താങ്ങുവിലയ്ക്ക് കൊപ്ര സംഭരണം ആരംഭിക്കുന്നത്, തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്കുള്ള കൊപ്രയുടെ പ്രവാഹം നിയന്ത്രിക്കുന്നതിന് സഹായകരമാകും. കാരണം ഒരേ താങ്ങുവില തന്നെ തമിഴ്നാട്ടിലും ലഭിക്കുമ്പോൾ കേരളത്തിലേക്ക് കൊപ്ര എത്തിക്കേണ്ട ആവശ്യം തമിഴ്നാട്ടിലെ കർഷകർക്ക് വേണ്ടിവരില്ല. ഇതാദ്യമായാണ് രണ്ടു സംസ്ഥാനത്തും ഒരേ സമയം സംഭരണം ആരംഭിക്കുന്നത്. കേരളത്തിൽ കൊപ്രയുടേയും നാളികേരത്തിൻേറയും വില ഉയർത്തുന്നതിന് ഇത് സഹായകരമാകുമെന്നും വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു.

കേന്ദ്ര സംഭരണ ഏജൻസിയായ നാഫെഡ്, സംസ്ഥാനതല സംഭരണ ഏജൻസികളായ ടാൻഫെഡ്, കേരഫെഡ്, മാർക്കറ്റ് ഫെഡ് എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളുമായി നാളികേര ബോർഡ് സംഭരണ നടപടികൾ ത്വരിതപ്പെടുത്തുന്നതു സംബന്ധിച്ച് ചർച്ച നടത്തിയിരുന്നു. സംഭരണം ത്വരിതഗതിയിലാക്കുന്നതിന് നാഫെഡ് എംഡി രാജീവ് ഗുപ്ത കേരളത്തിലെത്തി ബോർഡ് ചെയർമാൻ ടി.കെ. ജോസുമായി ചർച്ച നടത്തി.